പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4965 04-07-2012 -ൽ മറുപടിക്ക്.

## സ്വന്തമായി വീടും ഭൂമിയും ഇല്ലാത്തവർക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സ്വന്തമായി വീടും ഭൂമിയും ഇല്ലാത്തവർക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (ബി) 1. സാഫല്യം ഭവനപദ്ധതി:<br>കേരളത്തിലെ ദുർബലവിഭാഗങ്ങളിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭവനരഹിതരായ സാമ്പത്തികമായി ദുർബലരായ വിഭാഗങ്ങളിൽപ്പെട്ടവർക്ക് (EWS) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുഖേന ഫ്ലാറ്റുകളും വീടുകളും നിർമ്മിച്ചുനൽകുക എന്ന ലക്ഷ്യത്തോടെ സാഫല്യം ഭവനപദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 195 ച.അടി വിസ്തീർണ്ണമുള്ള 1008 ഒരു ബെഡ് റൂം ഫ്ലാറ്റുകളുടെ സമുച്ചയമാണ് ആദ്യഘട്ടത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് ലഭ്യമാകേണ്ട സർക്കാർ സബ്സിഡി ഒരു ഫ്ലാറ്റിന് 1 ലക്ഷം രൂപ നിരക്കിൽ ആകെ 1008 ലക്ഷം രൂപയാണ്.<br><br>ഓരോ ഫ്ലാറ്റിനും 2.5 ലക്ഷം രൂപ നിർമ്മാണച്ചെലവിൽ 1 ലക്ഷം രൂപ കേരള സർക്കാർ വക സബ്സിഡിയായും 1ലക്ഷം രൂപ ഹഡ്കോയുടെ വായ്പയായും 25,000 രൂപ ഗുണഭോക്തൃ വിഹിതമായും 25,000 രൂപ |

സന്നദ്ധസംഘടനാ വിഹിതമായും സംഭരിക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ ഭൂവികസനച്ചെലവുകളും അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ഊർജ്ജവിതരണം, കുടിവെള്ള വിതരണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവയും പദ്ധതി നടപ്പിലാക്കുന്ന അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം നിർവ്വഹിക്കാനാണ് വിഭാവനം ചെയ്യുന്നത്.

2. <u>രാജീവ് ആവാസ് യോജന (RAY)</u>
സ്വന്തമായി വീടും ഭൂമിയും ഇല്ലാത്തവർക്ക് വീട്/ഫ്ലാറ്റ് നിർമ്മിച്ചുനൽകുന്ന കേന്ദ്രവിഷ്കൃതപദ്ധതിയായ രാജീവ് ആവാസ് യോജന പ്രകാരം 2011 -ലെ സെൻസസ് പ്രകാരം 3 ലക്ഷത്തിനുമുകളിൽ ജനസംഖ്യയുള്ള നഗരപ്രാന്തപ്രദേശങ്ങളിലെ തെരഞ്ഞെടുത്ത ചേരികളിലാണ് 'കുടുംബശ്രീ' മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നത്. 2010 ഒക്ടോബർ മുതൽ കേരളത്തിലെ 5 കോർപ്പറേഷനുകളിലും കണ്ണൂർ നഗരസഭയിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ;

(സി) <u>1. സാഫല്യം ഭവന പദ്ധതി</u>
<u>(a)ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം.</u>
പദ്ധതി പ്രദേശമുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയോ സമീപങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയോ ദുർബലവിഭാഗത്തിൽപ്പെട്ട ഭൂ-ഭവനരഹിതരായ വ്യക്തികളെ (ബി.പി.എൽ) ഇതിൻെറ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നതാണ്. അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം Beneficiary Selection Committee -ക്കായിരിക്കും.

(b) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന വിധം:

(i) ഭൂ-ഭവനരഹിതരായ ദുർബലവിഭാഗക്കാരായ വ്യക്തികളുടെ വിവരശേഖരണത്തിനായി കേരളത്തിലെ 14 ജില്ലകളിലും പ്രചാരത്തിലുള്ള 3 മലയാള ദിനപ്പത്രങ്ങളിലെങ്കിലും വ്യാപകമായ പരസ്യപ്രചാരണം നടത്തി ഒരു ജില്ലാതല ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതാണ്. ഇതിന് 100 രൂപ വീതം രജിസ്ട്രേഷൻ ഫീസ് ഗുണഭോക്താവ് ഒടുക്കേണ്ടതാണ്.

(ii) ടി ഡാറ്റാ ബാങ്കിൽനിന്നും പദ്ധതിക്കുവേണ്ടി പദ്ധതി നടപ്പിലാക്കുന്ന പ്രദേശമുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയോ സമീപങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയോ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി അപേക്ഷ വാങ്ങി സുതാര്യമായ നടപടിക്രമത്തിലൂടെ ഗുണഭോക്താവിനെ Beneficiary Selection Committee തെരഞ്ഞെടുക്കുന്നതാണ്.

**2. രാജീവ് ആവാസ് യോജന:**

**3 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള കോർപ്പറേഷൻ/നഗര പ്രദേശത്തെ ചേരികളിൽ ജൂൺ 2009 -നു മുമ്പു താമസിച്ചിട്ടുള്ളവരും ഇപ്പോൾ താമസിച്ചുകൊണ്ടിരിക്കുന്നവരുമായിരിക്കണം.**

**(ഡി) മണ്ഡലം തലത്തിൽ വീടും ഭൂമിയുമില്ലാത്തവരുടെ പ്രത്യേകം കണക്കുകൾ ശേഖരിച്ച് മുൻഗണനാക്രമം നിശ്ചയിച്ച് ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകാൻ നടപടി സ്വീകരിക്കുമോ?**

(ഡി) പരിഗണിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ